MARCH 2018 | VOL 9 | ISSUE 3
YouTube/VYAVASAYAM f/VYAVASAYAM
Established 1961

# KSSIA NEWS

INDUSTRIES & COMMERCE MAGAZINE

# വ്യവസായം

പുരോഗതിയിലേക്ക് കൈ കോർക്കാം

Regn. No.
KERBIL/2005/23143
kssianews@gmail.com
www.kssia.com
Rs.30
KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION



## വൈദ്യം

ആയുർവേദത്തിന്റെ ആഗോള പ്രതിനിധി



## കെ.എഫ്.സി വായ്പ പലിശ നിരക്ക് കുറയും

സി.എം.ഡി സഞ്ജീവ് കൗശിക് ഐ.എ.എസ്



## സ്റ്റാർട്ട് അപ്പുകളിലൂടെ വളരാം



## മികവിന്റെ കേന്ദ്രമായി സി എ എം എസ് ബി–സ്കൂൾ






## ജി എസ് ടി

ആർ–3ബി ഫയലിങ് ഇനി ലളിതം, മാറ്റങ്ങൾ അറിയാം

## ഇ വേ ബിൽ

എപ്രിൽ മുതൽ





# കെ.എഫ്.സിയിൽ നയം മാറ്റം കടാശ്വാസം വരുന്നു; പലിശ നിരക്ക് 3 ശതമാനം വരെ കുറയും

**വ്യവസായ സംരംഭകരുടെ അത്താണിയായ കേരള ഫിനാൻഷ്യൽ കോർപറേഷൻ (കെ.എഫ്.സി) അടുത്ത സാമ്പത്തിക വർഷം മാറ്റങ്ങൾക്കൊരുങ്ങുന്നു. കടക്കെണിയിലായ വ്യവസായങ്ങൾക്ക് കടാശവാസം നൽകും. പലിശ നിരക്ക് 3 ശതമാനം വരെ വെട്ടിച്ചുരുക്കും, അപേക്ഷ നൽകി 30 ദിവസത്തിനകം വായ്പ നൽകും. സ്റ്റാർട്ട് അപ്പുകൾക്ക് മുന്തിയ പരിഗണന. നയം മാറ്റം പ്രഖ്യാപിച്ച് പുതിയ സി.എം.ഡി സഞ്ജീവ് കൗശിക് ഐ.എ.എസ് വ്യവസായം മാസികയോട് സംസാരിക്കുന്നു.**

ചെറുകിട വ്യവസായികളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. നിലവിലെ കടബാധ്യതകൾ പരിഹരിക്കുന്നതിനും തുടർ വായ്പകൾ നൽകാനുള്ള സാഹചര്യം ഒരുക്കുന്നതിനുമായി കെഎഫ്സി പലിശ നിരക്ക് കുറക്കും. അടുത്ത സാമ്പത്തിക വർഷം മുതൽ ഏറ്റവും യുക്തിസഹവും മത്സരാധിഷ്ഠിതവുമായ പലിശ നിരക്കായിരിക്കും കെ.എഫ്.സി നടപ്പാക്കുക. കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കും. പ്രത്യേക കാലപരിധി നീട്ടി നൽകി കടബാധ്യതകൾ തീർക്കുന്നതിനുള്ള അവസരമാണ് വ്യവസായികൾക്ക് നൽകുക.

വായ്പകളെയും കടബാധ്യതകളെയും സംബന്ധിച്ച് സംരംഭകർ കെ.എഫ്.സിയിൽ നിന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കും. ഏറ്റവും പെട്ടെന്ന് തീരുമാനങ്ങൾ ഉണ്ടാകുന്നതിനുള്ള സംവിധാനമാണ് ഒരുക്കുന്നത്. കെ.എഫ്.സി ഉദ്യോഗസ്ഥർക്ക് അതിനുള്ള പരിശീലനം നൽകി വരികയാണ്. വായ്പ നൽകൽ ഏറ്റവും വേഗത്തിൽ ആക്കുന്നതി





കെ.എഫ്.സി സി.എം.ഡി സഞ്ജീവ് കൗശിക് ഐ.എ.എസ്

നുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കെഎഫ്സി യുടെ വായ്പ ആഗ്രഹിക്കുന്ന സംരംഭകന് അപേക്ഷ സമർപ്പിച്ച് ഏഴു ദിവസത്തിനകം വായ്പയെ സംബ ന്ധിച്ച പ്രാഥമിക മറുപടി കെ.എഫ്.സി നൽകും. അപേക്ഷകന് ലോൺ നൽകുമോ ഇല്ലയോ എന്ന കാര്യമാണ് പ്രാഥമിക മറുപടിയിലൂടെ വ്യക്തമാക്കുക. അർഹരായവരുടെ അപേക്ഷകൾ ഹെഡ് ഓഫീസിൽ പരിശോധന നടത്തി 30 ദിവസത്തിനുള്ളിൽ വായ്പ നൽകാൻ കഴിയുന്ന സംവിധാനമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇടപാടുകാരുമായി നല്ല ബന്ധത്തിൽ ദീർഘകാലം മുന്നോട്ടുപോകാനാണ് കെ.എഫ്.സി ആഗ്രഹിക്കുന്നത്.

## സ്റ്റാർട്ട് അപ്പുകൾക്കു വേണ്ടി എന്താണ് ചെയ്യുന്നത്.

സ്റ്റാർട്ട് അപ്പുകളുമായി കെ.എഫ്.സി തുടക്കം മുതലേ നല്ല സഹകരണം എന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. 2000 ത്തോളം സ്റ്റാർട്ട് അപ് യൂണിറ്റുകൾക്ക് കെ.എഫ്.സി ഇതുവരെ സാമ്പത്തിക സഹായം ചെയ്തു. പത്തു ലക്ഷംരൂപ വരെ ഒരു വർഷത്തെ കടാശ്വാസം ഉൾപ്പെടെ സ്റ്റാർട് അപ്പുകൾക്ക് സാമ്പത്തിക സഹായം ചെയ്യാൻ ഇപ്പോൾ സംവിധാനം ഉണ്ട്. സ്റ്റാർട്ട് അപ്പുകൾക്ക് ആദ്യ ഒരു വർഷം വരുമാനം ഉണ്ടാകാനുള്ള സാധ്യത കുറവായതിനാലാണ് ഒരു വർഷത്തെ സാവകാശം നൽകുന്നത്. സ്റ്റാർട്ട് അപ്പുകൾക്ക് സാമ്പത്തിക സഹായം ചെയ്യണമെന്നത് സംസ്ഥാന ധനമന്ത്രി പുതിയ ബജറ്റിലും ഊന്നൽ നൽകിയിട്ടുള്ളകാര്യമാണ്. കെ.എസ്.ഐ.ഡി.സിയുടെ സഹകരണത്തോടെ കെ.എഫ്.സി സ്റ്റാർട്ട് അപ്പുകളുടെ വിജയത്തിനായി പ്രവർത്തന പദ്ധതി ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാർക്ക് ജോലിയും വരുമാനവും ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉയർന്ന പരിഗണനയാണ് നൽകുന്നത്.

## സംരംഭകർക്ക് വേണ്ടി എന്തെല്ലാം...

നല്ല സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സംരഭകരെ കെ.എഫ്.സിയുമായി ബന്ധപ്പെടുത്തുന്നതിന് ശ്രമിക്കുകയാണ്. ബാങ്കുകളെ വായ്പയ്ക്കായി ആശ്രയിക്കുന്ന സംരംഭകരെ കെ.എഫ്.സിയിലേക്ക് ആകർഷിക്കുകയും അവർക്ക് മെച്ചപ്പെട്ട സേവനങ്ങൾ കുറഞ്ഞ ബാധ്യതമാത്രം നിലനിർത്തിചെയ്തുകൊടുക്കുകയും ചെയ്യുക എന്നതാണ് കെ.എഫ്.സി യുടെ ചുമതല. സംസ്ഥാനത്തിന്റെ സ്വന്തം ധനകാര്യ സ്ഥാപനം എന്ന നിലയിൽ മികച്ച സംരംഭകത്വം വളർത്താനും സ്വയം വളരാനും പരസ്പര സഹകരണത്തോടെ മുന്നേറാനും അവസരമുണ്ടാകണം. സംരംഭകരെ കെ.എഫ്.സിയിലേക്ക് ആകർഷിക്കുന്നതിന് മാർക്കറ്റിംങ് എക്സിക്യൂട്ടീവുകളെ നിയോഗിച്ചിട്ടുണ്ട്. ഹെഡ് ഓഫീസ് കേന്ദ്രമാക്കി പുതിയ ബിസിനസ് ഡെവലപ്മെന്റ് സെൽ ആരംഭിക്കുകയാണ്. വായ്പ അനുവദിക്കൽ, മാർക്കറ്റിംങ്, കസ്റ്റമർ റിലേഷൻ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേകം ചുമതലക്കാർ എന്നിവയും ഏർപ്പെടുത്തുന്നുണ്ട്. പലിശ നിരക്ക് താരതമ്യേന കുറവായിരിക്കുകയും ഉപഭോക്താക്കൾക്ക് നല്ല സേവനം നൽകുകയും ചെയ്താൽ സ്വാഭാവികമായും സംരംഭകരുടെ ആദ്യ പരിഗണന കെ.എഫ്.സി ആയി മാറും. അതിനുവേണ്ടി ഞങ്ങൾ ഇപ്പോൾ സംരംഭകർക്ക് കെ.എഫ്.സി നൽകുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തൊക്കെ എന്നു വിശദീകരിക്കുന്ന ക്യാമ്പയിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ധനകാര്യ സ്ഥാപനങ്ങളെക്കാൾ പലിശ കുറവ്, തിരിച്ചടവ് കാലാവധി കൂടുതൽ, കടാശ്വാസം, ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലോൺ ലഭ്യമാക്കൽ തുടങ്ങി ഒട്ടേറെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ കെ.എഫ്.സി വ്യവസായ സംരംഭകരുടെ ആദ്യ സഹായി എന്ന നിലയിലേക്കു മാറും.

14% നും 16% നും ഇടയിലാണ് ഇപ്പോൾ കെ.എഫ്.സിയുടെ പലിശ നിരക്ക്. തീർച്ചയായും ഇത് കൂടുതലാണ്. ഇതിൽ നിന്ന് കുറഞ്ഞത് 2-3 ശതമാനമെങ്കിലും പലിശ നിരക്ക് കുറച്ചുകൊണ്ടുവരാനാണ് തീരുമാനം. അതിനുള്ള പഠനങ്ങൾ നടക്കുകയാണ്.

## ബാങ്കുകളിൽനിന്ന് കെ.എഫ്.സി എങ്ങിനെ വ്യത്യസ്തമാകും?

പ്രധാന മാറ്റം പലിശ നിരക്കിൽ തന്നെയാകും. രണ്ടാമത്തേത് കസ്റ്റമർ റിലേഷൻഷിപ്പ് നിലനിർത്തുകയും മികച്ച സേവനം നൽകുക എന്നതുമാണ്. മൂന്നാമത്തേത് എല്ലാജില്ലകളിലും സംരംഭകർക്ക് സേവനം നൽകാനുള്ള സംവിധാനം കെ.എഫ്.സിക്കുണ്ട്. ലോക്കൽ സ്റ്റാഫും ഉണ്ട്. മറ്റു ധനകാര്യ സ്ഥാപനങ്ങൾക്ക് ഈ സൗകര്യം ഉണ്ടാകണം എന്നില്ല. മാത്രമല്ല സ്റ്റാർട്ട് അപ്പുകൾക്കും മൈക്രോ വ്യവസായങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിനും മൂലധനം നൽകുന്നതിനുമുള്ള നിരവധി പദ്ധതികൾ കെ.എഫ്.സിക്കുണ്ട്. ഇതൊക്കെയാണ് ബാങ്കുകളും കെ.എഫ്.സിയും തമ്മിലുള്ള വ്യത്യാസം. ഇതിനെല്ലാമുപരി സംരംഭകർക്ക് വായ്പ നൽകണം എന്ന മനോഭാവമാണ് കെ.എഫ്.സിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണം.

## മെയ്ക്ക് ഇൻ കേരളയും കെ.എഫ്.സിയും തമ്മിൽ

കെ.എഫ്സിയുടെ ബിസിനസുകൾ പ്രധാനമായും മൂന്ന് ഏരിയകളിലാണ് ഫോക്കസ് ചെയ്യുന്നത്. ഒന്ന് മാനുഫാക്ചറിങ് യൂണിറ്റുകൾ, രണ്ട് സേവന മേഖല, മൂന്ന് കൺസ്ട്രക്ഷൻ-റിയൽ എസ്റ്റേറ്റ് മേഖല. ഇവയെല്ലാം മെയ്ക്ക് ഇൻ കേരളയുമായി ബന്ധപ്പെടുന്ന മേഖലകളാണ്. സീഫുഡ് പ്രോസസിംങ്, റബർ പ്രോസസിംങ് എന്നിവയെല്ലാം മേയ്ക്ക് ഇൻ കേരള തന്നെയാണ്. ഈ മേഖലയിലൊന്നും വിദേശ ഇടപെടലുകൾ കാണുന്നില്ല. സർവീസ് മേഖലയിൽ ടൂറിസം, ഹോട്ടൽ, ആരോഗ്യ പരിപാലനം, ആശുപത്രികൾ ഇതിന്റെയെല്ലാം സംരംഭകരും, ഗുണഭോക്താക്കളും നിക്ഷേപകരും എല്ലാം ഭൂരിഭാഗവും കേരളത്തിലുള്ളവർ തന്നെയാണ്. ഗൾഫിൽ നിന്നോ മറ്റോ പ്രമോട്ടേഴ്സ് വന്ന് ചില സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഒഴികെ ഇതിന്റെയെല്ലാം സംഘാടകരും ഗുണഭോക്താക്കളും കേരളീയർ തന്നെയാണ്.

## വ്യവസായികളെ ഇതിലേ ഇതിലേ

കേരളത്തിനു വെളിയിൽ വ്യവസായം ചെയ്യുന്ന സംരംഭകർ കൂടുതലായി കേരളത്തിലേക്ക് വരണം. ഇപ്പോൾ ഇവിടെ ഒത്തിരി അനുകൂല ഘടകങ്ങളുണ്ട്. കേരളം വ്യവസായ സൗഹൃദമായി മാറിയിട്ടുണ്ട്. ടൂറിസം, ആരോഗ്യ സംരംക്ഷണം, ഭക്ഷ്യോത്പന്നങ്ങളുടെ കയറ്റുമതി എന്നീ രംഗങ്ങളിൽ മികച്ച അവസരങ്ങളാണ് കേരളത്തിൽ ഉള്ളത്. വ്യവസായ വികസനത്തിന് തടസമായി വരുന്ന ഒരുതരം രാഷ്ട്രീയത്തേയും അനുവദിക്കില്ല. ആർക്കും ധൈര്യമായി കടന്നുവരാവുന്ന ഒരു വ്യവസായ സൗഹൃദ അന്തരീക്ഷമാണ് ഇന്ന് സംസ്ഥാനത്തുള്ളത്.